പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.140 4.12.2015 ൽ മറുപടിയ്ക്ക്

**<u>സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി പദ്ധതി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.വി.ഡി.സതീശൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പ് മന്ത്രി) |
| (എ) വൈകല്യ നിവാരണത്തിനായി സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) നടപ്പാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ; | (ബി) വൈകല്യങ്ങൾ ഉണ്ടാകുന്നത് പ്രതിരോധിക്കൽ, വൈകല്യങ്ങൾ കഴിവതും നേരത്തേ കണ്ടുപിടിക്കൽ, ആവശ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, അംഗപരിമിതരുടെ വിദ്യാഭ്യാസം, തൊഴിൽ മേഖലകളിൽ അവരെ സഹായിക്കൽ തുടങ്ങിയ ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി)<br>1. **എം.എം.ആർ പ്രതിരോധ കുത്തിവയ്പ്പ്**<br><br>മംപ്സ്, മീസിൽസ്, റുബെല്ല എന്നീ വൈറസുകൾ ബാധിക്കുന്നതുമൂലം കുട്ടികൾക്കുണ്ടായേക്കാവുന്ന വൈകല്യങ്ങൾ ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിലൂടെ നൽകി വരുന്ന എം.എം.ആർ പ്രതിരോധ കുത്തിവയ്പ്പിനാവശ്യമായ വാക്സിൻ എസ്.ഐ.ഐ.യി യാണ് ലഭ്യമാക്കുന്നത്. നാളിതുവരെ 3,00,000 ഡോസ് വാക്സിനുകൾ ഇതിനായി നൽകിയിട്ടുണ്ട്.<br>2. **റുബെല്ലാ വാക്സിനേഷൻ**<br><br>ഗർഭിണികളിൽ റുബെല്ലാ വൈറസ് ബാധിക്കുകയാണെങ്കിൽ അവർക്ക് ജനിക്കുന്ന കുട്ടികൾക്ക് വൈകല്യങ്ങൾ ഉണ്ടാകുവാനുള്ള സാധ്യത തടയുന്നതിനായി സംസ്ഥാനത്തെ എയിഡഡ്/സർക്കാർ സ്കൂളുകളിൽ 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടു കൂടി ആരോഗ്യ വകുപ്പ് നടത്തുന്ന റുബെല്ലാ വാക്സിനേഷന് |

ആവശ്യമായ വാക്സിൻ എസ്.ഐ.ഡി യാണ് ലഭ്യമാക്കുന്നത്. നാളിതുവരെ 5,44,692 പെൺകുട്ടികൾക്ക് റുബെല്ലാ വാക്സിൻ നൽകിയിട്ടുണ്ട്.

**3. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം(DEIC)**

കുട്ടികളിലെ വളർച്ചാ വൈകല്യവും അനുബന്ധ പ്രശ്നങ്ങളും നേരത്തെ തന്നെ കണ്ടെത്തുന്നതിനും ആവശ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി എല്ലാ ജില്ലകളിലും ഓരോ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം(DEIC) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ കീഴിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 14 ജില്ലകളിലും ആരോഗ്യ വകുപ്പ് ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ നിർമ്മാണത്തിനായി സ്ഥലം അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്.

**4. നവജാത ശിശുക്കളുടെ കേൾവി പരിശോധന**

കേൾവി സംബന്ധമായ വൈകല്യം വളരെ നേരത്തെ തന്നെ കണ്ടെത്താൻ കഴിയുന്നതാണ്. ഇതിനായി കുട്ടികൾ ജനിച്ചാൽ ഉടൻ തന്നെ കേൾവി വൈകല്യം ഉണ്ടോ എന്ന് പരിശോധിക്കുന്നതിനായി ഓട്ടോ അകൂസ്റ്റിക് എമിഷൻ സ്ക്രീനേഴ്സ് (OAE) കേരളത്തിലെ 40 സർക്കാർ ആശുപത്രികളിൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നൽകിയിട്ടുണ്ട്.

**5. പ്രതീക്ഷാ പദ്ധതി**

മലപ്പുറം ജില്ലാ പഞ്ചായത്ത്, വൈകല്യമുള്ള കുട്ടികൾക്കായി നടപ്പിലാക്കിവരുന്ന ഏർളി ഇന്റർവെൻഷൻ പദ്ധതിയായ "പ്രതീക്ഷാ പദ്ധതിയ്" കുട്ടികളെ സെന്ററുകളിൽ എത്തിക്കുവാൻ 10 വാഹനങ്ങൾ വാങ്ങുന്നതിന് 20 ലക്ഷം രൂപ സഹായം നൽകിയിട്ടുണ്ട്. സമാനമായ പദ്ധതികൾ നടപ്പിലാക്കുന്ന ജില്ലാ പഞ്ചായത്തുകൾക്ക് വാഹനത്തിന്റെ വിലയുടെ 70% (പരമാവധി 2 ലക്ഷം രൂപ ഒരു വാഹനത്തിന്) എസ്.ഐ.ഡി ഫണ്ടിൽ നിന്നും നൽകുവാൻ തീരുമാനമായിട്ടുണ്ട്.

**6. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്**

വിദൂര പ്രദേശങ്ങളിൽ താമസിക്കുന്ന വളർച്ചാ വൈകല്യമുള്ള കുട്ടികൾക്ക് ആവശ്യമായ സേവനങ്ങൾ അവരവരുടെ പ്രദേശങ്ങളിൽ ലഭ്യമാക്കുന്നതിനായി മൊബൈൽ ഇന്റർവെൻഷൻ

| | |
|---|---|
| | യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പൈലറ്റ് പദ്ധതി കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നടപ്പിലാക്കുവാൻ കോഴിക്കോട് പ്രവർത്തിക്കുന്ന ഇംഹാൻസിനെ (IMHANS) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 43,13,584/- രൂപ ഇംഹാൻസിന് അനുവദിക്കുകയും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>പൈലറ്റ് പദ്ധതി വിലയിരുത്തിയ ശേഷം ആവശ്യമായ ഭേദഗതികളോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതി വ്യാപിപ്പിക്കുന്നതാണ്.<br>7. **ഓട്ടിസം**<br>ഓട്ടിസം നേരത്തെ കണ്ടെത്തുന്നതിനും ഓട്ടിസം ബാധിതരായ കുട്ടികൾക്ക് ആവശ്യമായ ചികിത്സാ സൌകര്യങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി കർമ്മ പദ്ധതികൾ ആവിഷ്കരിക്കുന്നതിനു വേണ്ടി ഓട്ടിസം ബാധിതരായ കുട്ടികളുടെ രക്ഷിതാക്കളേയും വിദഗ്ധരേയും പങ്കെടുപ്പിച്ചുകൊണ്ട് യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ഓട്ടിസം ബാധിതരായ കുട്ടികളേയും അവരുടെ മാതാപിതാക്കളേയും സഹായിക്കുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും റിസോഴ്സ് ആന്റ് സപ്പോർട്ട് ഗ്രൂപ്പുകൾ രൂപീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ